(ബി) ഇക്കാര്യത്തിൽ സംസ്ഥാന ഗവൺമെൻറ് ചെയ്യേണ്ട കാര്യങ്ങൾ എല്ലാം ചെയ്യാൻ കഴിഞ്ഞിട്ടുണ്ടോ;

(സി) ആറാം പദ്ധതിക്കാലത്ത് ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുള്ള ടെലിവിഷൻ സെൻററുകളിൽ ഏതിനാണ് മുൻഗണന നൽകിയിട്ടുള്ളത്;

(ഡി) കേരളത്തിലെ ടെലിവിഷൻ സെൻററിൻെറ പണിക്ക് മുൻഗണന നൽകണമെന്ന് ദൂർദർശൻ ഡയറക്ടർ ജനറൽ ആവശ്യപ്പെട്ടിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻ നായർ):

(എ) വ്യക്തമായ അറിവ് ലഭിച്ചിട്ടില്ല. എങ്കിലും 1982-ൽ പ്രവർത്തനം ആരംഭിക്കുമെന്ന് കേന്ദ്രത്തിലെ മുൻവാർത്താവിതരണ പ്രക്ഷേപണവകുപ്പുമന്ത്രി പ്രസ്താവിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ഇപ്രകാരം ഏതെങ്കിലും കേന്ദ്രത്തിന് മുൻഗണന നൽകിയിട്ടുള്ളതായി കേന്ദ്ര ഗവൺമെൻറ് അറിയിച്ചിട്ടില്ല.

(ഡി) അറിവില്ല.

വിദ്യാർത്ഥി നേതാക്കൾ സമർപ്പിച്ച മെമ്മോറാണ്ടം

* 125 [134] ശ്രീ. പി. കെ. ശ്രീനിവാസൻ:

,, വി. കെ. രാജൻ:

,, സി. എ. കുര്യൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടറിയേറ്റ് നടയിൽ വിദ്യാർത്ഥിസംഘടനാനേതാക്കൾ നിരാഹാരസമരം നടത്തുന്നതിനുമുമ്പായി ഗവൺമെൻറിനു സമർപ്പിച്ച മെമ്മോറാണ്ടത്തിലെ ആവശ്യങ്ങൾ എന്തെല്ലാം;

(ബി) നിരാഹാരസമരം അവസാനിപ്പിച്ച ഘട്ടത്തിൽ ഗവൺമെൻറ് വിദ്യാർത്ഥിനേതാക്കൾക്ക് നൽകിയ ഉറപ്പുകൾ എന്തെല്ലാം?

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. സി എച്ച്. മുഹമ്മദുകോയ):

(എ) പ്രധാന ആവശ്യങ്ങൾ താഴെപ്പറയുന്നവയാണ്:

1. എല്ലാ കോളേജുകളിലും ഷിഫ്റ്റ് ആരംഭിക്കുക.

2. യാത്രാസൗകര്യം വിപുലപ്പെടുത്തുക.

3. ഹരിജൻ വിദ്യാർത്ഥികളുടെ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുകയും യഥാസമയം വിതരണം ചെയ്യുകയും ചെയ്യുക.

4. പാരലൽ കോളേജ് വിദ്യാർത്ഥികൾക്ക് ബസ് കൺസഷൻ നൽകുക.

5. ഹൈസ്കൂൾ സിലബസ് ശാസ്ത്രീയമായി ലഘൂകരിക്കുക.

6. പ്രീഡിഗ്രി വിദ്യാഭ്യാസം സൗജന്യമാക്കുക.

7. ഐ. ടി. ഐ., ജെ. ടി. എസ്., പോളിടെക്നിക് തുടങ്ങിയ സ്ഥാപനങ്ങളിലെ വിദ്യാർത്ഥി പ്രശ്നങ്ങൾ പരിഹരിക്കുക.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 1. സർവകലാശാലകളിലെ പ്രൈവറ്റ് രജിസ്ട്രേഷനെക്കുറിച്ചും അപ്രകാരം രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികളുടെ പ്രശ്നങ്ങളെക്കുറിച്ചും പഠിച്ച് റിപ്പോർട്ടു സമർപ്പിക്കുന്നതിന് ഒരു ഏകാംഗ കമ്മീഷനെ നിയമിക്കും.

പ്രൈവറ്റ് രജിസ്ട്രേഷൻ ക്രമേണ ഒഴിവാക്കുക എന്ന ലക്ഷ്യത്തോടെ എന്തൊക്കെ നടപടികളും സ്വീകരിക്കണമെന്നും, അതിനിടയിൽ വിദ്യാർത്ഥികളുടെ യാത്രാപ്രശ്നം ഉൾപ്പെടെയുള്ള കാര്യങ്ങളും പരിഗണിച്ച് എന്തെല്ലാം ചെയ്യണമെന്നും അതിനുവേണ്ടിവരുന്ന സാമ്പത്തിക ബാദ്ധ്യത എന്തുമാത്രമായിരിക്കുമെന്നും കമ്മീഷൻ അന്വേഷിക്കും. രണ്ടുമാസത്തിനകം റിപ്പോർട്ട് സമർപ്പിക്കണമെന്ന് കമ്മീഷനോട് ആവശ്യപ്പെടുന്നതുമാണ്.

2. പ്രൈവറ്റ് രജിസ്ട്രേഷനുള്ള ഫീസ് ഏകീകരിക്കണമെന്നുള്ള നിർദ്ദേശം, കേരളാ-കോഴിക്കോട് സർവകലാശാലകളുടെ പരിഗണനയ്ക്ക് അയയ്ക്കാം.

3. സാങ്കേതികവിദ്യാലയങ്ങളുടെയും, വിദ്യാർത്ഥികളുടെയും പ്രശ്നങ്ങളും ചർച്ച ചെയ്യുന്നതിന് എത്രയും വേഗം ഒരു കോൺഫറൻസ് വിളിച്ചുകൂട്ടാം.

4. ഫൈസ്ക്കും സിലബസ് പരിഷ്ക്കരിക്കുന്നതിനുള്ള കമ്മിറ്റിയിൽ വിദ്യാർത്ഥി പ്രതിനിധികളെക്കൂടി ഉൾപ്പെടുത്താം.

5. അടുത്തവർഷം കൂടുതൽ കോളേജുകളിൽ ഷിഫ്റ്റ് ഏർപ്പെടുത്തുവാൻ കഴിയുമോ എന്ന് ഗവൺമെന്റ് പരിശോധിക്കാം.

6. ഹരിജൻ വിദ്യാർത്ഥികളുടേയും മ്യൂസിക് കോളേജ് വിദ്യാർത്ഥികളുടേയും പ്രശ്നങ്ങളും പരിഹരിക്കുന്ന കാര്യം പരിഗണിക്കാം.

വയോജന വിദ്യാഭ്യാസ പദ്ധതി

* 126 [135] ശ്രീ. പി. കെ. ശങ്കരൻകുട്ടി:

,, ജി. പി. മംഗലത്തുമഠം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) ഈ സംസ്ഥാനത്ത് വയോജന വിദ്യാഭ്യാസ പദ്ധതി നടപ്പിലാക്കുന്നതിനേർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങളെന്തെല്ലാം.

(ബി) ഏതെല്ലാം ഏജൻസി മുഖാന്തിരമാണ് പദ്ധതി നടപ്പിൽ വരുത്തുന്നത്;

(സി) ഏജൻസികളെ അംഗീകരിക്കുന്നതിനുള്ള മാനദണ്ഡമെന്താണ്;

(ഡി) സംഘടനകൾക്ക് സാമ്പത്തിക സഹായം നൽകുന്നതിന് ഗവൺമെന്റ് എന്തു മാനദണ്ഡമാണ് സ്വീകരിച്ചത്;

(ഇ) ഈ പദ്ധതിയനുസരിച്ച് എത്ര സംഘടനകൾക്ക് സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്; അവ ഏതെല്ലാം;

(എഫ്) 1977-78, 1978-79 എന്നീ വർഷങ്ങളിലേയ്ക്ക് കേന്ദ്ര ഗവൺമെന്റിൽ നിന്നും ഈ പദ്ധതിയുടെ ചെലവിലേക്കായി കിട്ടിയ ധനസഹായം എത്ര; എത്ര ചെലവായി; ലാപ്സായ സംഖ്യ എത്ര?

LIBRARY ARCHIVES Kerala Legislative Assembly